കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന എം.കെ.എസ്.പി പ്രകാരമുള്ള നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ)നം.58/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 17.03.2017.**

==========================================================================

പരാമർശം: 1. സ.ഉ(കൈ)നം.243/13/തസ്വഭവ തീയതി 04.07.2013.

2. സ.ഉ(പി)നം.28/16/ഫിൻ തീയതി 26.02.2016.

3. ഗ്രാമവികസന കമ്മീഷണറുടെ 01.06.2016 ലെ 14852/ഡിപി1/2014/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന എം.കെ.എസ്.പി പ്രകാരമുള്ള നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റ് ഓഫീസിലേക്കാവശ്യമായ തസ്തികകൾ പരാമർശം (1) പ്രകാരം സൃഷ്ടിക്കുകയും ആയത് പ്രകാരം അസിസ്റ്റൻറ് പ്രോഗ്രാം ഓഫീസർ, ഡാറ്റാ മാനേജർ, ഫീൽഡ് കോ-ഓർഡിനേറ്റർമാർ, ഓഫീസ് അസിസ്റ്റൻറ്, അക്കൗണ്ടൻറ്, ഓഫീസ് അറ്റൻഡൻറ് എന്നിവർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരികയുമാണ്. സംസ്ഥാനത്തെ കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും മേൽ പറയുന്ന തസ്തികകൾ പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിക്കുന്നില്ല. ആയതിനാൽ ഇവർക്ക് പുതുക്കിയ നിരക്കിൽ വേതനം പരിഷ്കരിച്ച് നൽകണമെന്ന് പരാമർശകത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന എം.കെ.എസ്.പി പ്രകാരമുള്ള നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം താഴെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

| Sl No | Present Post | Present Salary | Category to be included | Proposed/revised Salary |
|---|---|---|---|---|
| 1 | Assistant Programme Officer | 15,000/- | V | 22,000/- |
| 2 | Data Manager | 12,000/- | IV | 20,000/- |
| 3 | Field Co Ordinator | 12,000/- | IV | 20000/- |
| 4 | Office Assistant | 10,000/- | III | 19,000/- |
| 5 | Accountant | 10,000/- | III | 19000/- |
| 6 | Office Attendant | 10000/- | I | 16500/- |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (10.02.2017 തീയതിയിലെ Dev-1/203/16-ധന. പ്രകാരം)
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്